## കേരള സർക്കാർ

### സംഗ്രഹം

**തദ്ദേശ സ്വയം ഭരണ വകുപ്പ് -ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെയും അനുബന്ധ ഉദ്യോഗസ്ഥരുടെയും 'സാംഖ്യ' പരിശീലനം കൊട്ടാരക്കര എസ്.ഐ.ആർ.ഡി.യിൽ വച്ച് നടത്തുന്നതിനുള്ള അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയം ഭരണ (എഎ)വകുപ്പ്**

**സ.ഉ. (ആർ.ടി.) നം.2619/2012/തസ്വഭവ തീയതി,തിരുവനന്തപുരം, 18.09.2012**

---

പരാമർശം :-1. സ.ഉ. (കൈ) നം. 83/2011/തസ്വഭവ തീയതി 28.03.2011

2. സ.ഉ. (കൈ) നം. 128/2011/തസ്വഭവ തീയതി 06.07.2011

3. ഗ്രാമ വികസന കമ്മീഷണറുടെ 27.07.2012 - ലെ 16475/ഡിപി4/12/ഗ്രാവിക. നം. കത്ത്

**ഉത്തരവ്**

പരാമർശം 1 ലെ സർക്കാർ ഉത്തരവിലൂടെ എല്ലാ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെയും അക്കൗണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറ്റുന്നതിനാവശ്യമായ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ അനുസരിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് നിർവ്വഹിക്കേണ്ടത് ഇൻഫർമേഷൻ കേരള മിഷൻ(ഐ.കെ.എം) തയ്യാറാക്കിയ കംമ്പ്യൂട്ടർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ആയ 'സാംഖ്യ'യിലൂടെയാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് പ്രസ്തുത ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ ആവശ്യമായ പരിശീലനം നല്കുക, പരിശീലനത്തിനാവശ്യമായ മാസ്റ്റർ ട്രെയിനർമാരെ നിയമിക്കുക, കൈപ്പുസ്തകങ്ങളും മാന്വലുകളും തയ്യാറാക്കുക എന്നീ ജോലികൾ ഇൻഫർമേഷൻ കേരള മിഷന് നല്കിക്കൊണ്ട് പരാമർശം 2 പ്രകാരം ഉത്തരവായിട്ടുണ്ട്.

2.'സാംഖ്യ' സോഫ്റ്റ്‌വെയർ വിവിധ തലത്തിലുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ അതിവേഗം നടപ്പാക്കി വരുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യക്കുറവുമൂലവും, പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരുടെ അഭാവം മൂലവും ഏതാണ്ട് 14 ബ്ലോക്ക് പഞ്ചായത്തുകളിൽ മാത്രമേ 'സാംഖ്യ' പൂർണ്ണമായും നടപ്പിലായിട്ടുള്ളൂ. 2012 ഒക്ടോബർ മാസത്തോടെയെങ്കിലും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും പൂർണ്ണമായും സാംഖ്യയിലേയ്ക്ക് മാറ്റേണ്ടതാകയാൽ ബ്ലോക്ക് പഞ്ചായത്തിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് അടിയന്തിരമായി പ്രസ്തുത ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിൽ പരിശീലനം നല്കേണ്ടതുമാണെന്ന് 'സാംഖ്യ'

വിന്യാസത്തിനുള്ള സംസ്ഥാനതല ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ 27.07.2012 ലെ അവലോകന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

3. 12-ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട പരിശീലനവും ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥർക്കുള്ള 'സാംഖ്യ' പരിശീലനവും നടക്കുന്നതിനാൽ പ്രസ്തുത പരിശീലന പരിപാടി ഏറ്റെടുക്കുന്നതിൽ 'കില' യ്ക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാർക്കുള്ള പരിശീലന പരിപാടി കൊട്ടാരക്കര എസ്.ഐ.ആർ.ഡി.യിൽ വെച്ച് നടത്താവുന്നതാണെന്നും ഇതിലേയ്ക്കാവശ്യമായ ചെലവുകൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (എസ്.ഐ.ആർ.ഡി.)യുടെ പരിശീലന ഫണ്ടിൽ നിന്നും ചെലവഴിക്കാൻ അനുമതി നല്കണമെന്നും 27.07.2012 ൽ ചേർന്ന സംസ്ഥാന തല 'സാംഖ്യ'ഇംപ്ലിമെന്റേഷൻ അവലോകന സമിതി ശിപാർശ ചെയ്യുതായി പരാമർശം (3)ലെ കത്തിലൂടെ ഗ്രാമ വികസന കമ്മീഷണർ അറിയിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെയും അനുബന്ധ ഉദ്യോഗസ്ഥരുടെയും 'സാംഖ്യ' പരിശീലനം കൊട്ടാരക്കര എസ്.ഐ.ആർ.ഡി.യിൽ വെച്ച് നടത്തുവാനും പ്രസ്തുത പരിശീലനത്തിനാവശ്യമായ ചെലവ് എസ്.ഐ.ആർ.ഡി.യുടെ പരിശീലന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുവാദം നല്കിയും ഉത്തരവാകുന്നു.

5. പരിശീലനത്തിനാവശ്യമായ മാസ്റ്റർ ട്രെയിനർമാരെ നിയോഗിക്കുക, കൈപ്പുസ്തകങ്ങളും മാന്വലുകളും തയ്യാറാക്കി പരിശീലന കേന്ദ്രത്തിലെത്തിക്കുക എന്നീ ചുമതലകൾ, തുടർന്നും ഇൻഫർമേഷൻ കേരള മിഷൻ തന്നെ നിർവ്വഹിക്കേണ്ടതാണ്".

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

വി.എസ്. സെന്തിൽ
പ്രിൻസിപ്പൽ സെക്രട്ടറി

1.ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
2.ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
3.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
4.സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
5.എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)
6.അക്കൗണ്ടന്റ് ജനറൽ (എൽബിഎ & എ), കേരള, തിരുവനന്തപുരം
7.അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
8.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ